# ചെങ്ങന്നൂർ നഗരസഭ

നമ്പർ: ആർ3-4531758/2025

തീയതി 23/09/2026

## പുനർ ലേലം/ക്വട്ടേഷൻ നോട്ടീസ്

ചെങ്ങന്നൂർ നഗരസഭ ലൈബ്രറിയിലെ മുൻകാല വർഷങ്ങളിലെ പഴയ പത്ര മാസികകൾ ലേലം / ക്വട്ടേഷൻ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 28/09/2026-ാം തീയതി രാവിലെ 11.00 മണിക്ക് മുനിസിപ്പൽ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ ക്വട്ടേഷനുകൾ 28/09/2026 രാവിലെ 10.00 മണിക്ക് മുമ്പായി നഗരസഭാ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

ലേലത്തിലും ക്വട്ടേഷനിലും പങ്കുചേരണമെന്ന് ആഗ്രഹിക്കുന്നവർ 28/09/2026-ാം തീയതി പകൽ 11.00 മണിക്ക് മുൻപ് നിരതദ്രവ്യം ഓഫീസിൽ ഒടുക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച ഒറിജിനൽ രസീത് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാകുന്നു. ഏതെങ്കിലും കാരണവശാൽ ലേല ദിവസം പൊതുഅവധിയായി പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം തന്നെ ഇതേ പരസ്യ പ്രകാരവും നിബന്ധനകൾ അനുസരിച്ചും ലേലം നടത്തുന്നതാണ്. ഓരോ ഇനത്തിന്റേയും ലേലത്തിനുശേഷം ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതാണ്. ലേലത്തിലോ ക്വട്ടേഷനിലോ ഏതിലാണ് കൂടുതൽ തുക രേഖപ്പെടുത്തിയിരിക്കുന്നത്, ആയത് കൌൺസിലിന്റെ അംഗീകാരത്തിന് വിധേയമായി ഉറപ്പിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ, കാരണം കൂടാതെ നിരസിക്കുന്നതിനോ ഉള്ള അധികാരം കൌൺസിലിൽ/സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ സോൾവൻസി ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇനവിവരം | കഴിഞ്ഞ തവണ ലേലത്തിൽ പോയ നിരക്ക് | പ്രാരംഭ നിരക്ക് | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | ചെങ്ങന്നൂർ നഗരസഭ ലൈബ്രറിയിലെ മുൻകാല വർഷങ്ങളിലെ പഴയ പത്ര മാസികകൾ | 3,911/- | 3,911/- + ജി.എസ്.റ്റി | 500/- |

## ലേല - ക്വട്ടേഷൻ വ്യവസ്ഥകൾ

1. ക്വട്ടേഷനുകൾ 28/09/2026 - ാം തീയതി രാവിലെ 10 മണി വരെ ആഫീസിൽ സ്വീകരിക്കുന്നതാണ്.
2. നിരതദ്രവ്യം അടച്ചതിനുള്ള രസീതുകൾ/ഡി.ഡി. (നഗരസഭാ സെക്രട്ടറിയുടെ പേരിലെടുത്തത്) ക്വട്ടേഷനുകളോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറുകൾക്കുമുകളിൽ ഇനവിവരം വ്യക്തമായി എഴുതിയിരിക്കേണ്ടതാണ്.
4. ക്വട്ടേഷനുകൾ ലേലത്തിനുശേഷം തുറന്ന് പരിശോധിക്കുന്നതാണ്.
5. ലേലത്തിലോ/ക്വട്ടേഷനിലോ ഇതിലേതാണോ ഏറ്റവും കൂടുതൽ തുക വിളിക്കുകയോ/ക്വാട്ട് ചെയ്യുകയോ ചെയ്യുന്നത് ആ ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്താൻ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതും, അതിനെ ചോദ്യം ചെയ്യാൻ ആർക്കും അധികാരം

ഇല്ലാത്തതുമാണ്. ലേലത്തുക കുറവാണെന്ന് അധികാരികൾക്ക് ബോധ്യം വന്നാൽ പുനർലേലം/ക്വട്ടേഷൻ നടത്തുന്നതിന് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6. ലേലം പിടിക്കുന്നവർ ലേലസംഖ്യയുടെ 50 % തുക അന്നേ ദിവസം 3 മണിക്ക് മുൻപായി നഗരസഭാ ഫണ്ടിൽ ഒടുക്കി രസീത് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തുന്നവരുടെ ലേലം അസ്ഥിരപ്പെടുത്തി നിരതദ്രവ്യം മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും, പുറമെ നോട്ടീസ് കൂടാതെ വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ പുനർലേലം ചെയ്യുന്നതും, ലാഭം വന്നാൽ ആദ്യ ലേലക്കാരന് അവകാശം ഇല്ലാത്തതും, നഷ്ടം വന്നാൽ ആദ്യ ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതുമാണ്.

7. ലേലം സ്ഥിരപ്പെടുത്തിക്കിട്ടിയവർ ആഫീസിൽ നിന്നും വ്യവസ്ഥകൾ ഉൾപ്പെടുത്തിയ മാതൃകയിൽ 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി എഴുതി 3 ദിവസത്തിനകം ഹാജരാക്കേണ്ടതുമാണ്. ആവശ്യമെന്ന് തോന്നുന്നപക്ഷം കരാറുകാരന്റെ ചിലവിൽ രജിസ്റ്റർ ചെയ്യണമെന്ന് ആവശ്യപ്പെടാവുന്നതുമാണ്. വീഴ്ചവരുത്തുന്നവരുടെ ലേലം അസ്ഥിരപ്പെടുത്തി യുക്തമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

8. ഒടുക്കുവരുത്തുന്ന ലേല തുകയുടെ 18% ജി.എസ്.ടി -യും ഒടുക്കേണ്ടതാണ്.

9. ലേലം പിടിക്കുന്നവർ ലേലസംഖ്യയുടെ ബാക്കിതുക 2026 ജൂലൈ 30, സെപ്റ്റംബർ 15 എന്നിങ്ങനെ 2 തുല്യ ഗഡുക്കളായി അടച്ച് രസീത് വാങ്ങേണ്ടതാണ്.

10. തവണകൾ നിശ്ചിത തീയതികളിൽ അടയ്ക്കാതെ വീഴ്ച വരുത്തുന്നപക്ഷം അങ്ങനെ താമസിക്കുന്ന തവണകൾക്ക് പ്രതിമാസം 1% വീതം പലിശസഹിതം സെക്രട്ടറി നിശ്ചയിക്കുന്ന പിഴയോടുകൂടി ഒടുക്കുന്നതിന് ലേലക്കാർ ബാധ്യസ്ഥരാണ്. എന്നാൽ നിശ്ചിത തീയതിക്ക് ശേഷം 15 ദിവസങ്ങൾക്കകം മുമ്പ് പറഞ്ഞിട്ടുള്ള പലിശ സഹിതം തവണതുക അടച്ചില്ലെങ്കിൽ നോട്ടീസ് കൂടാതെ കരാർ റദ്ദ് ചെയ്ത് യുക്തമെന്ന് തോന്നുന്ന ഇതര നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കും.

11. ഉടമ്പടിയിൽ ഈ നഗരസഭാ അതിർത്തിയിൽ താമസമുള്ള രണ്ട് ആൾ ജാമ്യക്കാർ ഉണ്ടായിരിക്കേണ്ടതാണ്. ഉടമ്പടിൽ ജാമ്യക്കാരായി നിർത്തുവാനുള്ള നഗരസഭ അതിർത്തിക്കുള്ളിൽ സ്ഥിരതാമസക്കാരായുള്ള ആളുകളുടെ പേര് വിവരം ഫോട്ടോ പതിച്ച ഐ ഡി കാർഡ് സഹിതം ടി ആളിന്റെ അനുപാതം രേഖപ്പെടുത്തി ഓഫീസിൽ ഹാജരാക്കി നേരത്തെ അംഗീകാരം വാങ്ങേണ്ടതാണ്.

12. ലേലം സ്ഥിരപ്പെടുത്തി ലേലക്കാർ ഉടമ്പടി എഴുതി വെയ്ക്കുകയോ, അഡ്വാൻസോ ബാക്കി തുകയോ അടയ്ക്കാതെയോ വീഴ്ച വരുത്തിയാൽ വീണ്ടും ലേലം വിളിക്കുന്നതിനും, അതിൽ നഷ്ടം ഉണ്ടായാൽ ആദ്യലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതും ലാഭം വന്നാൽ അവകാശപ്പെടാൻ പാടില്ലാത്തതുമാണ്.

13. മുനിസിപ്പാലിറ്റിയിൽ മുൻ ലേലങ്ങളിലെ തവണകളോ, മറ്റ് നികുതികളോ, ഫീസുകളോ കുടിശ്ശിക വരുത്തിയിട്ടുള്ളവരെയും മാർക്കറ്റിനുള്ളിൽ അനധികൃതമായി കച്ചവടം നടത്തിയിട്ടുള്ളവരേയും ലേലത്തിൽ പങ്കെടുക്കുന്നതിനും കുത്തകക്കാരുടെ ആൾപ്പേരോ കയ്യാളോ ആയിരിക്കുന്നതിന് അനുവദിക്കുന്നതല്ല.

14. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻ വർഷത്തെ ലേല തുകയ്ക്ക് സമാനമായ സോൾവൻസി സർട്ടിഫിക്കറ്റ് തഹസിൽദാരുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും ഹാജരാക്കുകയോ, ബാങ്ക് ഗ്യാരന്റിയോ അല്ലെങ്കിൽ ടി തുകയ്ക്കുള്ള പണം മുനിസിപ്പൽ ഫണ്ടിൽ അടച്ചിട്ടുള്ള രസീതുകളോ ഹാജരാക്കുന്നവരെ മാത്രമേ ലേലത്തിൽ സംബന്ധിക്കാൻ അനുവദിക്കുകയുള്ളു. സോൾവൻസി തുകയിൽ കൂടുതൽ തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്ന പക്ഷം അധികമായി വരുന്ന തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ലേലം സ്ഥിരപ്പെട്ടാൽ ഉടൻതന്നെ ഒടുക്ക് വരുത്തേണ്ടതാണ്.

15. കെട്ടിടങ്ങൾ, വസ്തുക്കൾ മുതലായവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ഉണ്ടായിട്ടുള്ളതും, ഉണ്ടാകുന്നതുമായ ചട്ടങ്ങൾക്ക് വിപരീതമായി കരാറുകാരൻ പ്രവർത്തിക്കാൻ പാടുള്ളതല്ല.

16. ഏതവസരത്തിലും തക്കതായ കാരണത്തിൻമേൽ കരാറുകൾ റദ്ദ് ചെയ്യാൻ സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. കൗൺസിലിന് ലേലക്കാരനിൽ നിന്നും ഏതെങ്കിലും വിധത്തിൽ നഷ്ടമുണ്ടാകുന്ന പക്ഷം ആയതും, കുടിശ്ശിക വരുത്തിയ തുകയും മുനിസിപ്പൽ ആക്ട് പ്രകാരം ഈടാക്കുന്നതിന് അധികാരം ഉണ്ടായിരിക്കും.

18. ലേലസംഖ്യ 10,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ ടി സംഖ്യ മുഴുവനും ലേല ദിവസം തന്നെ അടയ്ക്കേണ്ടതാണ്.

19. യാതൊരു കാരണവും കൂടാതെ ലേലം അസ്ഥിരപ്പെടുത്തുന്നതിനോ, മാറ്റിവെയ്ക്കുന്നതിനോ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

20. ലേല നോട്ടീസിലെ വ്യവസ്ഥകൂടി ലേലക്കാരൻ എഴുതി വയ്ക്കുന്ന ഉടമ്പടിയുടെ ഭാഗമായി കണക്കാക്കുന്നതാണ്.

21. ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ കുത്തക കാലാവധി അവസാനിച്ച് ലേലം സംബന്ധിച്ച് ബാദ്ധ്യതകൾ തീർക്കാതെ അവരുടെ വസ്തുക്കളിൻമേൽ യാതൊരു കരണങ്ങളും ചെയ്യുവാൻ പാടില്ലാത്തതും, മുനിസിപ്പാലിറ്റിയുടെ പ്രത്യേക അനുവാദവും, വേണ്ടത്ര സെക്യൂരിറ്റിയും ഹാജരാക്കി വാങ്ങിയതിനുശേഷം മാത്രമേ കരണങ്ങൾ ചമയ്ക്കുവാൻ പാടുള്ളതുമാകുന്നു.

22. സ്ഥലവും, പരിസരവും വൃത്തിയായി സൂക്ഷിക്കുവാൻ കരാറുകാർ ബാദ്ധ്യസ്ഥരാണ്.

23. ലേലം സ്ഥിരപ്പെടുത്തിക്കിട്ടാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ കൊടുക്കുന്നതാണ്. സ്ഥിരപ്പെട്ടുകിട്ടുന്നവരുടെ നിരതദ്രവ്യം നിബന്ധനകൾ ശരിയായി പാലിച്ചിട്ടുള്ള പക്ഷം കാലാവധിയ്ക്കുശേഷം തിരികെ നൽകുന്നതാണ്.

24. നിരതദ്രവ്യം അടച്ചവർക്കും നിയമാനുസരണം സോൾവൻസി സർട്ടിഫിക്കറ്റ് ഉള്ളവർക്കും മാത്രമേ ലേലസമയത്ത് ഹാളിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ.

25. ലേല വ്യവസ്ഥകളിൽ മാറ്റം വരുത്തുവാനും കൂട്ടുതൽ ചേർക്കുവാനും കൗൺസിലിന് അധികാരം ഉണ്ടായിരിക്കും.

26. ലേല വ്യവസ്ഥകൾ ലംഘിക്കുകയോ നഗരസഭയ്ക്ക് നഷ്ടം വരുന്ന രീതിയിൽ പ്രവർത്തിക്കുകയോ ചെയ്യുന്ന പക്ഷം ലേല ഉടമ്പടി റദ്ദ് ചെയ്യുന്നതും ലേലം പിടിച്ച ആളിന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമാണ്.

27. പൊതുലേലം സംബന്ധിച്ച് ബഹു. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും നിർദ്ദേശങ്ങളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

28. ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയും, പകർപ്പും, റേഷൻകാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.

29. ലേല വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, ലേലം അട്ടിമറിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നവരെ കരിമ്പട്ടികയിൽപ്പെടുത്തി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

30. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിയായി വരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽ നിബന്ധനകൾ പ്രകാരം ലേലം നടത്തുന്നതാണ്.

ചെങ്ങന്നൂർ നഗരസഭ
ആലപ്പുഴ ജില്ല 689121

മുനിസിപ്പൽ സെക്രട്ടറി
SECRETARY
Chengannur Municipality

മുനിസിപ്പൽ ആഫീസ്,
ചെങ്ങന്നൂർ